പരിഷ്ക്കരണമൊന്നും കൊടുത്തിട്ടില്ലെന്ന് പറഞ്ഞു. എന്റെ പേര് സബ്മിഷനിൽ പറയേണ്ട കാര്യമില്ല.

മി. സ്പീക്കർ : ഇപ്പോൾ പറയുന്നോ, പിന്നെ പറയുന്നോ?

ശ്രീ. എ.കെ. ആന്റണി: ഇതുകഴിഞ്ഞിട്ട് പറയാം.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ): സർ, അദ്ദേഹം പറഞ്ഞിട്ട് ഞാൻ പറയാം.

മി.സ്പീക്കർ: അദ്ദേഹം പറഞ്ഞു കഴിഞ്ഞു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ): സർ, എല്ലാ കാര്യങ്ങളും ഭദ്രമായി നടക്കുന്നുണ്ട്. ഒരു കുഴപ്പവുമില്ല. പിന്നെ കരാർ നാളെ ഒപ്പുവയ്ക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഈ ബഹളമൊക്കെ അവസാനിപ്പിച്ചിട്ട് പണിമുടക്ക് പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ബഹു: പ്രതിപക്ഷനേതാവ്.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി): സർ, ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ആവശ്യമില്ലാതെ പ്രൊവോക്കേഷനുണ്ടാക്കരുത്. ഞാൻ ശാന്തനായി അദ്ദേഹം പറഞ്ഞത് മുഴുവൻ കേട്ടുകൊണ്ടിരിക്കുകയാണ്. പക്ഷേ ഇടയ്ക്ക് പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ തൊഴിലാളികളെ ദ്രോഹിച്ച് ഒന്നും കൊടുത്തില്ലെന്ന് പറഞ്ഞു. ഇത് അങ്ങേയ്ക്ക് ഭൂഷണമല്ല. ഞാൻ ഏതാനും മാസക്കാലമാണ് ട്രാൻസ്പോർട്ട് വകുപ്പിന്റെ ചാർജ്ജ് വഹിച്ച് മന്ത്രിയായിരുന്നത്, മുഖ്യമന്ത്രിയെന്നുള്ള നിലയിൽ. ആ കാലഘട്ടത്തിൽ അതുവരെയുണ്ടായിരുന്ന ഡി.എ. കുടിശ്ശികയുൾപ്പെടെ, അവരുടെ ലീവ് ആനുകൂല്യങ്ങളുൾപ്പെടെ 36 ആനുകൂല്യങ്ങൾ ആ ചുരുങ്ങിയ കാലം കൊണ്ട് ട്രാൻസ്പോർട്ട് ജീവനക്കാർക്ക് കൊടുത്തിട്ടുണ്ട്. എന്നിട്ടും ഇതിനെക്കുറിച്ച് അടിസ്ഥാനരഹിതമായി പറയാൻ അങ്ങേയ്ക്കല്ലാതെ ഈ സഭയിൽ ആർക്കും സാദ്ധ്യമല്ല.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ): സർ, ഞാൻ പറഞ്ഞത് 1994-ൽ കരാറിന്റെ കാലാവധി അവസാനിച്ചു. അതിനു ശേഷമാണ് അദ്ദേഹം മുഖ്യമന്ത്രിയായത്, ഈ വകുപ്പുകൂടി കൈകാര്യം ചെയ്തിരുന്നത്. അപ്പോൾ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് ചർച്ച നടത്തുകയോ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. അങ്ങ് ചെയ്ത മഹാ കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ പറഞ്ഞില്ല.

.....(പ്രതിപക്ഷ ബഞ്ചുകളിൽ പ്രതിഷേധ ശബ്ദം.....ബഹളം.....)

മി. സ്പീക്കർ: നോ ഡിസ്ക്ഷൻ.....പ്ലീസ്.....അടുത്ത സബ്മിഷൻ, ശ്രീ കടമ്മനിട്ട രാമകൃഷ്ണൻ.....

(9) തോട്ടപ്പുഴശ്ശേരി പഞ്ചായത്തിൽ മഹാരാജ പ്രൈവറ്റ് ബസ് ജീപ്പിലിടിച്ച് മറിഞ്ഞ സംഭവം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ തോട്ടപ്പുഴശ്ശേരി പഞ്ചായത്തിൽ ചരൽകുന്നിനു സമീപം 1999 ഏപ്രിൽ മാസം 10-ാം തീയതി രാവിലെ 10.30 മണിക്ക് തടിയൂർവഴി കോട്ടയം-കോഴഞ്ചേരി

LIBRARY ARCHIVES Kerala Legislative Assembly

സർവീസ് നടത്തുന്ന മഹാരാജ എന്ന പ്രൈവറ്റ് ബസ് ഒരു ജീപ്പിലിടിക്കുകയും നിയന്ത്രണം വിട്ട് അടുത്ത കൊക്കയിലേക്ക് മറിയുകയും ചെയ്തു. ജീപ്പിന്റെ ഡ്രൈവറുൾപ്പെടെ 78 പേർക്ക് സാരമായ പരിക്കുപറ്റി. തടിയൂർ നിവാസിയായ ഒരു റിട്ടയേർഡ് അദ്ധ്യാപകൻ ശ്രീ. നാരായണൻ നായർ ആശുപത്രിയിൽ വച്ചു മരിച്ചു. 78 പേരെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. കൈകാലുകൾ ഒടിഞ്ഞും, പൊള്ളലേറ്റും കഠിനമായ ആഘാതമേറ്റും ഗുരുതരമായ സ്ഥിതിയിൽ ധാരാളം പേർ ആശുപത്രികളിൽ കിടക്കുന്നു. കോട്ടയം മെഡിക്കൽ കോളേജാശുപത്രിയിൽ രണ്ടുപേർ, കോഴഞ്ചേരി പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ 7 പേർ, തിരുവല്ല പുഷ്പഗിരി ആശുപത്രിയിൽ 3 പേർ, കോഴഞ്ചേരി മുത്തൂറ്റ് ആശുപത്രിയിൽ 42 പേർ, കോഴഞ്ചേരി പൊയ്യാനിൽ ആശുപത്രിയിൽ 26 പേർ, അങ്ങനെ 78 പേരാണ് വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചിരിക്കുന്നത്. കോട്ടയം മെഡിക്കൽകോളേജിൽ കഴിയുന്ന ജീപ്പ് ഡ്രൈവർ ഹരികുമാറിന്റെ നില ഗുരുതരമാണ്. പരിക്കേറ്റവരിൽ ബഹുഭൂരിപക്ഷംപേരും സാധുക്കളായ പട്ടികജാതിക്കാരും കർഷകത്തൊഴിലാളികളും മറ്റു ദുർബ്ബല ജനവിഭാഗങ്ങളുമാണ്. കുട്ടികളും, സ്ത്രീകളും വൃദ്ധരും അക്കൂട്ടത്തിലുണ്ട്. ചികിത്സയ്ക്ക് പണച്ചിലവു വളരെയുണ്ട്. പ്രത്യേകിച്ച് പ്രൈവറ്റ് ഹോസ്പിറ്റലുകളിൽ കഴിയുന്നവർക്ക് ജോലി ചെയ്യാൻ കഴിവില്ലാത്തവരുള്ളതുകൊണ്ട് അവരുടെ കുടുംബങ്ങളുടെ സ്ഥിതി പരിതാപകരമാണ്. സംഭവ സ്ഥലത്തും ആശുപത്രികളിലും പോയി എനിക്ക് നേരിട്ടു ബോദ്ധ്യപ്പെട്ടതാണ് ഈ വസ്തുതകൾ. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തടിയൂർ, കോളഭാഗം, കുറിയന്നൂർ എന്നിവിടങ്ങളിലുള്ളവർ കൂടാതെ കല്ലൂപ്പാറ നിയോജകമണ്ഡലത്തിലെ തെള്ളിയൂർ, എഴുമറ്റൂർ, കുന്നന്താനം, മല്ലപ്പള്ളി തുടങ്ങിയ സ്ഥലത്തുള്ളവരും അപകടത്തിൽപ്പെട്ടിട്ടുണ്ട്. പൊൻകുന്നം തുടങ്ങിയ സ്ഥലത്തുള്ളവരും അക്കൂട്ടത്തിലുണ്ട്. വളരെ ഗുരുതരമായ ദുരന്തമാണ് ഉണ്ടായിരിക്കുന്നത്. ജില്ലാ കളക്ടർ മരണപ്പെട്ടവർക്കും ആശുപത്രിയിൽ കിടക്കുന്നവർക്കും ഉള്ള സാമ്പത്തിക സഹായം അടിയന്തിരമായി എത്തിക്കേണ്ടതായിട്ടുണ്ട്. ചികിത്സയിൽ കഴിയുന്ന സാധുക്കൾക്ക് ചികിൽസക്കുള്ള ധനസഹായത്തിനുപുറമേ അവരുടെ കുടുംബത്തിന് നിത്യവൃത്തിക്കുള്ള സഹായവും നൽകേണ്ടതായിട്ടുണ്ട്. ഈ പരിതസ്ഥിതിയിൽ റവന്യൂ വകുപ്പും ഗതാഗതവകുപ്പും ആവശ്യമായ നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും ഗതാഗതവകുപ്പു മന്ത്രിയും ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ച് അടിയന്തിരമായ സഹായവും നഷ്ടപരിഹാരവും നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വസ്തുതകൾ മുഴുവൻ ശരിയാണ്. ഞാൻ അത് വീണ്ടും ആവർത്തിക്കുന്നില്ല. 77 പേരാണ് വിവിധ ആശുപത്രികളിലായി കഴിയുന്നത്. ഒരാൾ മരിച്ചു. കുറച്ച് പേരുടെ നില വളരെ ഗുരുതരമാണ്. ഈ സംഭവം അറിഞ്ഞ ഉടൻ ജില്ലാകളക്ടറും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും ജനപ്രതിനിധികളുമെല്ലാം അവിടെ ഓടിയെത്തി. ആശ്വാസ നടപടികളിലൊക്കെ സജീവമായി ഇടപ്പെട്ടിട്ടുണ്ട്. അടിയന്തിര ആശ്വാസമെന്നുള്ള നിലയിൽ മരിച്ച ആളിന്റെ അവകാശികൾക്ക് ആയിരം രൂപയും ചികിത്സയിൽ വിവിധ ആശുപത്രികളിൽ കഴിയുന്നവർക്ക് 500 രൂപയും വച്ച് കളക്ടർ നൽകിയിട്ടുണ്ട്. പരിക്കേറ്റവരിൽ കുറെപേരെ കൂടുതൽ ദിവസം ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വരും. അത്തരം കാര്യങ്ങൾ പ്രത്യേകം പരിശോധിക്കണം. ആവശ്യമായ സഹായ നടപടികളുണ്ടാകണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അപ

LIBRARY ARCHIVES Kerala Legislative Assembly

കടത്തിൽപ്പെട്ടവർ വളരെ പാവപ്പെട്ടവരാണ്; പട്ടികജാതിക്കാരാണ്. ഇതൊക്കെ വസ്തുതയാണ്. പല പ്രദേശങ്ങളിലുള്ളവരാണ്. അവർ ആശുപത്രിയിൽ കിടക്കുകയും ചികിത്സയിലായിരിക്കുകയും ചെയ്യുന്ന സമയത്തെ ആ കുടുംബങ്ങളെ സംരക്ഷിക്കാൻ എന്ത് ചെയ്യേണ്ടിവരുമെന്നുള്ളതിനെ സംബന്ധിച്ച് പരിശോധിച്ച് അടിയന്തിരമായി റിപ്പോർട്ടുതരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർന്ന് എന്തെങ്കിലും സഹായങ്ങൾ ചെയ്യേണ്ടതുണ്ടെങ്കിൽ തീർച്ചയായിട്ടും ഗവൺമെന്റ് അത് അനുഭാവപൂർവ്വം പരിശോധിക്കുകയും പരിഗണിക്കുകയും ചെയ്യും. ട്രാൻസ്പോർട്ട് വകുപ്പിന് ഈ കാര്യത്തിൽ എന്താണ് ചെയ്യാൻ കഴിയുകയെന്നുള്ളത് എനിക്ക് പറയാൻ കഴിയുകയില്ല. അവർ ആലോചിച്ചിട്ട് എന്തെങ്കിലും ചെയ്യാൻ സാധിക്കുമെന്നുണ്ടെങ്കിൽ തീർച്ചയായിട്ടും ട്രാൻസ്പോർട്ടു വകുപ്പും ആ കാര്യത്തിൽ പങ്കുവഹിക്കുന്നതാണ്.

10. കുന്ദംകുളം നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. എൻ.ആർ. ബാലൻ : സർ, കുന്ദംകുളം 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി സബ്സ്റ്റേഷനായി ഉയർത്തിയും അനുബന്ധമായി അനിവാര്യമായ പ്രദേശങ്ങളിൽ 33 കെ.വി. സബ്സ്റ്റേഷനുകൾ സ്ഥാപിച്ചും കുന്ദംകുളം നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി അടിയന്തിര നടപടി കൈകൊള്ളണമെന്ന് ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സർ, കുന്ദംകുളം നിയോജകമണ്ഡലത്തിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ആർ.ഇ.സി. യുടെ സഹായത്തോടെ നടപ്പിലാക്കുന്ന 22 കെ.വി സബ്സ്റ്റേഷൻ സ്കീമിന്റെ ഭാഗമായി കുന്നംകുളം 66 കെ.വി സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്താനും കുന്ദംകുളത്തും പരിസര പ്രദേശങ്ങളിലുമായി മുള്ളൂർ, ചാവക്കാട്, കൊങ്ങാന്നൂർ, പരപ്പൂർ എന്നീ സ്ഥലങ്ങളിൽ നാല് 33 കെ.വി. സബ് സ്റ്റേഷനുകൾ സ്ഥാപിക്കാനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഈ സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിനുവേണ്ടിയുള്ള സ്ഥലമെടുത്ത് പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത സബ്സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാകുന്നതോടെ ഈ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമത്തിന് ഒരളവുവരെ പരിഹാരമുണ്ടാകുന്നതാണ്. ഇതിനു പുറമേ വിതരണ വിഭാഗത്തിൽ ഈ പ്രദേശത്ത് പതിനാറോളം വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലികൾ അടുത്ത കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ഇനിയും 55-ഓളം പുതിയ വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ ജോലികളും ചെയ്തു തീർക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

11. നാദാപുരം മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. സത്യൻ മൊകേരി: സർ, വടകര വാട്ടർ ഡിവിഷന്റെ കീഴിലുള്ള നാദാപുരം മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ വടകര വാട്ടർ ഡിവിഷന്റെ കീഴിലുള്ള മൊത്തം പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ വേണ്ടി നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ വളയം, വാണിമേൽ, നരിപ്പറ്റ,

LIBRARY ARCHIVES Kerala Legislative Assembly